**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1979** **06-07-2022 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങളുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിൽ അക്ഷയകേന്ദ്രങ്ങൾ നടത്തുന്നവർക്ക് ടി കേന്ദ്രത്തിന്റെ ഉടമസ്ഥാവകാശം കൈമാറാൻ കഴിയുമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/ മരണപ്പെടുന്ന അവസരത്തിലോ/ ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ മാത്രമാണ് കേന്ദ്രത്തിന്റെ കൈമാറ്റം അനുവദിക്കുന്നത്. 30/10/2019 തീയതിയിലെ സ.ഉ(കൈ) നം.24/2019/ വി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്രത്തിന്റെ കൈമാറ്റം ഭാര്യ/ഭർത്താവ്/അച്ഛൻ/ അമ്മ പ്രായപൂർത്തിയായ മകൻ /മകൾ എന്നിവർക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. തുടർന്ന്, 30/07/2021 ലെ സ.ഉ (കൈ) നം.24/2021/വി.സാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ കുടുംബാംഗങ്ങൾക്ക് പുറമെ സഹോദരൻ/സഹോദരി എന്നിവർക്ക് കൂടി കേന്ദ്രം കൈമാറാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ അപ്രകാരം അടുത്ത ബന്ധുക്കളാരും തന്നെ കേന്ദ്രം കൈമാറി ലഭിക്കുവാൻ യോഗ്യരല്ലാതെ വരുന്ന സാഹചര്യത്തിൽ മറ്റൊരു വ്യക്തിക്ക് കേന്ദ്രം കൈമാറ്റം ചെയ്യുന്നത് അക്ഷയ ഡയറക്ടർ പരിശോധിക്കേണ്ടതും അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാ കളക്ടറുടെ ശിപാർശയോടുകൂടി അനുയോജ്യമായ ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>അക്ഷയകേന്ദ്ര കൈമാറ്റത്തിനുള്ള അപേക്ഷകളുടെ നിജസ്ഥിതി വളരെ വ്യക്തമായി അന്വേഷിച്ച് ഉത്തമ ബോധ്യമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംരംഭകരുടെ മരണം, ശാരീരിക മാനസിക അസ്വസ്ഥത എന്നിവ മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 500/- രൂപയും സംരംഭകന് ജോലി ലഭിക്കുന്നത് മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 5000/- രൂപയുമാണ്. റാങ്ക് |

| | | | |
|---|---|---|---|
| | | | ലിസ്റ്റിന്റെ കാലാവധിയായ ഒരു വർഷത്തിനുള്ളിൽ മറ്റേതെങ്കിലും കാരണത്താൽ സെന്റർ നടത്താൻ കഴിയാത്ത അവസ്ഥ വരികയാണെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സന്നദ്ധരാകുന്ന ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ചയാൾക്ക് സംരംഭകത്വം അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ